ട്ടുകൾ ചർച്ചചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ സംരംഭകനെ ജില്ലാ ഓഫീസുകളിൽ വിളിച്ചു വരുത്തി ടെക്നിക്കൽ-ഫിനാൻഷ്യൽ മുതലായ കാര്യങ്ങളെക്കുറിച്ച് വേണ്ട ഉപദേശങ്ങൾ നൽകാറുമുണ്ട്. സംരംഭകന് സർക്കാരിൽ നിന്ന് ലഭിക്കുവാനുള്ള സബ്സിഡി എളുപ്പത്തിൽ പാസ്സാക്കുന്നതിനും അത് വേഗത്തിൽ സംരംഭകർക്ക് കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനുംപുറമെ വ്യവസായ സംരംഭകന് മറ്റു കാരണങ്ങളാൽ വായ്പ ലഭിക്കുന്നതിനു കാലതാമസം നേരിട്ടാൽ അർഹതപ്പെട്ടവർക്ക് വായ്പയുടെ തവണ നീട്ടി കൊടുക്കാറുണ്ട്. കൂടാതെ ആവശ്യമെന്ന് തോന്നിയാൽ അഡീഷണൽ വായ്പയും അനുവദിക്കാറുണ്ട്.

(ഇ) വായ്പ എടുക്കുന്ന വ്യവസായ സംരംഭകർക്ക് കാലാകാലങ്ങളിൽ വായ്പ തവണയുടെ കുടിശ്ശിക അടയ്ക്കുവാനുള്ള നോട്ടീസ് നൽകാറുണ്ട്. കൂടാതെ ഭീമമായ സംഖ്യ കുടിശ്ശിക വരുത്തുന്നവർക്ക് രജിസ്റ്റേർഡ് നോട്ടീസും അയയ്ക്കാറുണ്ട്. രജിസ്റ്റേർഡ് നോട്ടീസ് അയച്ചതിനുശേഷവും യാതൊരുവിധ പ്രതികരണവും വ്യവസായിയുടെ ഭാഗത്തുനിന്നും ഉണ്ടാകാത്ത കേസ്സുകളിൽ ഹെഡ്ഡാഫീസിലെ ഉയർന്ന ഉദ്യോഗസ്ഥർ വ്യവസായിയെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും ചർച്ചയുടെ അടിസ്ഥാനത്തിൽ കുടിശ്ശിക തുക തവണകളായി അടയ്ക്കാൻ അനുവദിക്കുകയും ചെയ്യുന്നുണ്ട്. തവണകളനുവദിച്ചിട്ടും കുടിശ്ശിക അടയ്ക്കാത്തവരെ മാത്രമെ മേൽനടപടികൾക്കു വിധേയമാക്കാറുള്ളൂ. വ്യവസായ സംരംഭകന് വായ്പ തുകയുടെ വിശദ വിവരങ്ങൾ അടങ്ങുന്ന നിയമപ്രകാരമുള്ള നോട്ടീസ് നൽകിയിട്ടും വ്യവസായിയുടെ ഭാഗത്തുനിന്നും യാതൊരുവിധ പ്രതികരണവുമുണ്ടാകുന്നില്ലെങ്കിൽ മാത്രമേ നോട്ടീസിൽ പറഞ്ഞിരിക്കുന്ന സമയ പരിധി കഴിയുമ്പോൾ സെക്ഷൻ 29 അനുസരിച്ച് യൂണിറ്റ് ഏറ്റെടുക്കുകയുള്ളൂ. യൂണിറ്റ് ഏറ്റെടുത്തതിനുശേഷവും വ്യവസായിക്ക് കുടിശ്ശിക അടയ്ക്കുന്നതിന് അവസരം നൽകുന്നു. കുടിശ്ശികയുടെ മൂന്നിൽ ഒരു ഭാഗമെങ്കിലും അടയ്ക്കുകയാണെങ്കിൽ യൂണിറ്റ് വ്യവസായിക്കുതന്നെ തിരികെ കൊടുക്കുന്നു.

(എഫ്) കെ.എഫ്.സി. യുടെ പ്രവർത്തനം സംബന്ധിച്ച് കേരള നിയമസഭയുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതി നിർദ്ദേശിച്ച ശുപാർശകളിൻമേൽ കൈക്കൊണ്ട നടപടികളുടെ വിശദ വിവരങ്ങൾ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സമിതിയുടെ തീരുമാനം അറിവായിട്ടില്ല.

13 (*219) വാഹനങ്ങളിൽ എൽ.പി.ജി. ഉപയോഗിക്കുന്നതിനെതിരെ നിയമ നിർമ്മാണം

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എം. മുരളി ;
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ പെട്രോളിനും ഡീസലിനും പകരം ഗ്യാസ് ഉപയോഗിക്കുന്നതിനുള്ള അനുവാദം നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധമായി സർക്കാർ ഏതെല്ലാം തലങ്ങളിൽ ചർച്ചകൾ നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ഏജൻസികൾ നൽകിയ റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുമോ;

(സി) വ്യാപകമായി കൺവർഷൻ നടത്തുന്നതിനെത്തുടർന്നുണ്ടായേക്കാവുന്ന അപകട സാദ്ധ്യതകളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഈ മേഖലയിൽ എന്തെങ്കിലും നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എൽ.പി.ജി. ഉപയോഗിക്കുന്നത് സംബന്ധിച്ച കേന്ദ്ര ഗവൺമെന്റിന്റെ ചട്ടങ്ങളിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) വാഹനങ്ങളിൽ പെട്രോളിനു പകരം ഗ്യാസുപയോഗിക്കുന്നതിന് അതാതു സംസ്ഥാന സർക്കാരുകളാണ് അനുവാദം നൽകുന്നത്.

(ബി) ഇതു സംബന്ധിച്ച് 21.6.99-ൽ ഗതാഗത വകുപ്പു സെക്രട്ടറി ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിലെ ടെക്നിക്കൽ അഡ്വൈസർ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി. ഒരു ഏജൻസിയിൽനിന്നും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(സി) അപകട സാദ്ധ്യതകളെക്കുറിച്ച് സർക്കാർ വിലയിരുത്തിക്കൊണ്ടിരിക്കുന്നു.

(ഡി) വ്യാപകമായി കൺവർഷൻ നടത്തുന്നതിനെത്തുടർന്നുണ്ടാകുന്ന അപകട സാദ്ധ്യതകൾ തടയുന്നതിനു വേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് സർക്കാർ ആലോചിച്ചു കൊണ്ടിരിക്കുന്നു. അതോടൊപ്പം, ഗ്യാസ് ഉപയോഗിക്കാൻ അനുവാദം കൊടുത്ത ഇതരസംസ്ഥാനങ്ങളിലെ സുരക്ഷാനടപടികളെക്കുറിച്ചും അന്വേഷിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) ഇതുമായി ബന്ധപ്പെട്ട കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെയും ചട്ടങ്ങളിലെയും വസ്തുതകൾ താഴെ ചേർക്കുന്നു.

1. കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 52(1) സെക്ഷനനുസരിച്ച് വാഹന ഉടമ തന്റെ വാഹനത്തിൽ വരുത്താൻ ഉദ്ദേശിക്കുന്ന ആൾട്ടറേഷനെപ്പറ്റി രജിസ്റ്ററിംഗ് അതോറിറ്റിയെ മുൻകൂട്ടി അറിയിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ് ഉപയോഗിക്കുന്നത് ഒരു ആൾട്ടറേഷനായി കണക്കാക്കപ്പെടേണ്ടതില്ല എന്നാണ്.

2. 1999-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ അമന്റ്മെന്റ് 92(3) അനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ളതോ വിദേശ രാഷ്ട്രങ്ങളിലെ ദേശീയ നിലവാരത്തിലുള്ളതോ ആയ ഭാഗങ്ങളോ, കമ്പോണന്റോ അസംബ്ലി യൂണിറ്റോ വാഹനങ്ങളിൽ ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അത്തരം നിലവാരത്തെ അംഗീകരിക്കേണ്ടതുണ്ട്. അതിനായി കേന്ദ്ര മോട്ടോർ

LIBRARY ARCHIVES Kerala Legislative Assembly

വാഹന ചട്ടം 126-ൽ പരാമർശിക്കുന്ന ഏജൻസികളിൽ ഒന്നിന്റെ സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണം.

3. കേന്ദ്ര മോട്ടോർ വാഹന ചട്ടം 126 അനുസരിച്ച് ട്രെയിലറുകളും സെമി ട്രെയിലറുകളും ഒഴികെയുള്ള വാഹനങ്ങളുടെ നിർമ്മാണത്തിനുമുമ്പ് അതിന്റെ പ്രൊട്ടോടൈപ്പ് താഴെപ്പറയുന്ന ഏതെങ്കിലും ഒരു ഏജൻസിയുടെ ടെസ്റ്റിന് വിധേയമായി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

(1.) വെഹിക്കിൾ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ്, കേന്ദ്ര സർക്കാരിന്റെ പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ളത്.

(2.) ആട്ടോ മോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ, പൂനൈ.

(3.) സെൻട്രൽ മെഷിനറി ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മധ്യപ്രദേശ്.

(4.) ദി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോളിയം, ഡെറാഡൂൺ.

4. കേന്ദ്ര മോട്ടോർ വാഹന ചട്ടം 124 (1) പ്രകാരം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ ഒഫിഷ്യൽ ഗസറ്റിൽ പ്രഖ്യാപിക്കുന്ന ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള ഭാഗങ്ങളോ കമ്പോണന്റുകളോ അസംബ്ലി യൂണിറ്റുകളോ മാത്രമേ വാഹനങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

14 (*220) കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി. മൊയീൻകുട്ടി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർക്ക് കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം കേരളത്തിലെ റബ്ബർ, തെങ്ങ് കർഷകരും തൊഴിലാളികളും അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്തു മറുപടി ലഭിച്ചുവെന്നും ഇപ്പോഴത്തെ അവസ്ഥ എന്ത് എന്നും വെളിപ്പെടുത്തുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കേന്ദ്ര സർക്കാരിന്റെ വിവിധ കരാറുകളും വാണിജ്യനയവും കാരണം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ നയങ്ങൾ രൂപീകരിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇവയ്ക്കെതിരെയുള്ള ശക്തമായ പ്രതിഷേധം അറിയിക്കുകയും ഇവ പിൻവലിക്കുവാൻ നിരന്തരം സമ്മർദ്ദം ചെലുത്തുകയും ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly